# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2689** 18-08-2017-ൽ
മറുപടി നൽകേണ്ടത്

## എസ്.സി/എസ്.റ്റി, കെ.പി.സി.ആർ പ്രകാരമുള്ള വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഫീസ് ആനുകൂല്യം

ചോദ്യം ഉത്തരം

ശ്രീ. കെ.സുരേഷ് കുറുപ്പ് : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) എസ്.സി/എസ്.റ്റി, കെ.പി.സി.ആർ പ്രകാരമുള്ള വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ഫീസ് ആനുകൂല്യം അതാത് അക്കാഡമിക് വർഷങ്ങളിൽ തന്നെ നൽകാൻ നിലവിൽ സാധിക്കാറുണ്ടോ; | എ) ഉണ്ട്. അർഹരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അർഹരായ കെ.പി.സി.ആർ പ്രകാരമുള്ള വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ഫീസ് ആനുകൂല്യം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ഉന്നത വിദ്യാഭ്യാസവകുപ്പിൽ കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രസ്തുത വിദ്യാർത്ഥികൾക്ക് അതത് അദ്ധ്യയന വർഷം തന്നെ നൽകിവരുന്നു. |
| ബി) പ്രസ്തുത ആനുകൂല്യം അതാത് | ബി) ഉണ്ട് |

| | |
|---|---|
| അക്കാഡമിക് വർഷങ്ങളിൽ തന്നെ ലഭിക്കാത്തത് വിദ്യാർത്ഥികളുടെ തുടർ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിഷയം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | |
| സി) അതാത് അക്കാഡമിക് വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പ്രസ്തുത ആനുകൂല്യം കാലവിളംബം കൂടാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | സി) എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സ്കോളർഷിപ്പുകൾ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**